IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. വൈഗയിലെ ജീവിതത്തിന്റെ പ്രത്യേകതകൾ ജൈവം നോവലിൽ പാരിസ്ഥിതികദർശനമായി പരുവപ്പെടുന്നതെങ്ങനെ?

33. ''പാരിസ്ഥിതികാവബോധം, ഉപഭോഗസംസ്കാരവിരുദ്ധത എന്നിവ വൃക്ഷങ്ങളുടെ പ്രതീകവത്കരണത്തിലൂടെ അവതരിപ്പിക്കുകയാണ് കൊച്ചിയിലെ വൃക്ഷങ്ങൾ'' – ചർച്ച ചെയ്യുക.

34. ഭാഷ, സംസ്കാരം, പ്രകൃതി എന്നിവയുടെ പരസ്പരബന്ധം ജി. മധുസൂദനൻ വിശദമാക്കുന്നതെങ്ങനെ?

35. പരിസ്ഥിതിപ്രശ്നങ്ങൾക്കു രാജ്യാതിർത്തികളില്ലെന്ന ദർശനം 'ഭൂമിയുടെ ചടങ്ങുകൾ' കവിത മുൻനിർത്തി പരിശോധിക്കുക.

**(2 × 15 = 30 Marks)**

---



St. Xavier's College

(Pages : 4) **R – 3300**

Reg. No. : ..............................

Name : ..................................

## Second Semester B.A. Degree Examination, September 2023

## Career Related First Degree Programme under CBCSS

## Malayalam and Mass Communication

## Core Course III

## MX 1241 : പരിസ്ഥിതി: സിദ്ധാന്തവും ആവിഷ്കാരവും

## (2018-2020 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. 'ഒറ്റവൈക്കോൽ വിപ്ലവം' ആരുടെ കൃതി?

2. 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന ആത്മകഥ ആരുടേതാണ്?

3. 'ഹരിതനിരൂപണം മലയാളത്തിൽ' എന്ന കൃതി എഡിറ്റ് ചെയ്തിരിക്കുന്നതാര്?

4. മലയാളത്തിലെ ആദ്യത്തെ പരിസ്ഥിതി സൗന്ദര്യശാസ്ത്രരചനയെന്ന് അറിയപ്പെടുന്നത് ആരുടെ ഏതു കൃതിയാണ്?

5. മുസാഫിർ ഏതു സിനിമയിലെ കഥാപാത്രം?

6. സൈലന്റ് വാലി സ്ഥിതി ചെയ്യുന്നതെവിടെ?

7. 'കൊച്ചിയിലെ വൃക്ഷങ്ങൾ' കവിതയിൽ വാക്കുകളുടെ മഹാബലിയെന്നു വിശേഷിപ്പിക്കുന്നതാരെ?

8. രാജൻപിള്ള ഏത് കഥയിലെ കഥാപാത്രം?

9. ലോക പരിസ്ഥിതിദിനമായി ആചരിക്കുന്ന ദിവസം?

10. സ്ത്രീയെയും പ്രകൃതിയെയും ബന്ധിപ്പിക്കുന്ന സിമോൺ ദി ബുവേയുടെ കൃതി?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. പരിസ്ഥിതിദർശനം എന്നാൽ എന്ത്?

12. മാർക്സിയൻ പരിസ്ഥിതിവാദം ലക്ഷ്യമാക്കുന്നതെന്ത്?

13. ഗഹനപരിസ്ഥിതിവാദത്തിന്റെ ഉള്ളടക്കമെന്ത്?

14. പ്ലാച്ചിമട സമരത്തിന് കേരളീയ പരിസ്ഥിമുന്നേറ്റങ്ങളിൽ ഏതെങ്കിലും വിധത്തിലുള്ള പ്രാധാന്യം കല്പിക്കാനാവുമോ?

15. പരിസ്ഥിതി സൗന്ദര്യശാസ്ത്രം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

16. പരിസ്ഥിതിയും സംസ്കാരവുമായി ബന്ധപ്പെടുന്നതെങ്ങനെ?

17. 'പിറന്നുവീഴുമ്പോൾ എല്ലാ ദേശത്തും ഒരേ ഭാഷയിൽ നിലവിളിക്കുന്ന മനുഷ്യനു പിന്നീടു സംഭവിക്കുന്നതായ പരിണാമം' സച്ചിദാനന്ദൻ ആവിഷ്കരിക്കുന്നതെങ്ങനെ?

18. കൊച്ചിയിലെ വൃക്ഷങ്ങൾക്കു കാലാന്തരത്തിൽ സംഭവിച്ച മാറ്റമെന്ത്?

19. 'അരജീവിതങ്ങൾക്ക് ഒരു സ്വർഗം' എൻഡോസൽഫാൻ പ്രശ്നം അവതരിപ്പിക്കുന്നതെങ്ങനെ?



20. പുഴയ്ക്കൊപ്പം നഷ്ടമാകുന്ന സംസ്കാരം 'ഓരോ പുഴയും പറയുന്നത് ' എന്ന ചലച്ചിത്രം ആവിഷ്കരിക്കുന്നതെങ്ങനെ?

21. സാംസ്കാരിക ഇക്കോളജിയെക്കുറിച്ചുള്ള ജി. മധുസൂദനന്റെ അഭിപ്രായം ക്രോഡീകരിക്കുക?

22. "ആനകളെക്കൊന്ന്
ഈച്ചകൾ എഴുതുന്ന നാഗരികതയിൽ
വൈദ്യുതി അത്യാവശ്യം തന്നെ" ഇങ്ങനെയൊരു വിമർശനം ഉയർത്താനിടയാവുന്ന സാഹചര്യമേത്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. പാരിസ്ഥിതികസ്ത്രീവാദം എന്നാൽ എന്തെന്നു വിശദമാക്കുക?

24. സാമൂഹികപരിസ്ഥിതിവാദം എന്താണെന്നു വിശദമാക്കുക?

25. കവിതയെയും പരിസ്ഥിതിയെയും ലേഖകൻ ബന്ധിപ്പിക്കുന്നതെങ്ങനെ?

26. വെള്ളരിനാടകം നാടോടിനാടകത്തേക്കാളുപരി നാടൻവീര്യം വഹിക്കുന്ന ശരിക്കുള്ള ജനകീയനാടകമായിരുന്നുവെന്ന് ലേഖകൻ സ്ഥാപിക്കുന്നതെങ്ങനെ?

27. മണ്ണിനോടുള്ള സ്നേഹം ജാതിക്കും മതത്തിനും അതീതമായ മനുഷ്യസ്നേഹമായി 'കനകം വിളയുന്ന മണ്ണ്' എന്ന നാടകത്തിൽ വികസിക്കുന്നതെങ്ങനെ?

28. "ഇറച്ചിക്കുവേണ്ടി ജീവനെടുത്ത ജന്തുവിന്റെ ചോരയേക്കാൾ അറപ്പിക്കുന്നതും നികൃഷ്ടവുമാണോ മണ്ണ്?" ഈ ചോദ്യം കഥയിൽ കേന്ദ്രമാകുന്നുണ്ടോ?

29. "പരിസ്ഥിതിയോടോപ്പം പേരില്ലാത്ത മനുഷ്യരും പാർശ്വവത്കരണത്തിനു വിധേയമാകുന്നു" പേരറിയാത്തവർ എന്ന സിനിമ മുൻനിർത്തി ചർച്ച ചെയ്യുക?

30. സ്വാഭാവികതയിൽനിന്നും അകന്ന മനുഷ്യൻ കാടിനെ തിരികെപ്പിടിക്കുമ്പോൾ സംഭവിക്കുന്ന പരിവർത്തനം ആമസോൺ കഥയിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെ?

31. പരിസ്ഥിതിപ്രശ്നങ്ങളിൽ പ്രതികരണം നഷ്ടമാകുന്നവരുടെ പ്രതിനിധിയായി വായില്ലാക്കുന്നിലപ്പൻ മാറുന്നുണ്ടോയെന്ന് വിശകലനം ചെയ്യുക?

**(6 × 4 = 24 Marks)**



St. Xavier's College